23.07.2018

# മേളയിൽ ഇന്ന് (24.07.2018)

**കൈരളി**

രാവിലെ 9.30 – 'റിട്ടേർണിങ്ങ് ടു ദ് ഫസ്റ്റ് ബീറ്റ്', 11.30 – വിതെറിങ് ഹൗസ്, 'വീ ദ് പീപ്പിൾ, സമുദ്ര, ദ് ജേർണി, 9.00 ഡീമൺസ് ഇൻ പാരഡൈസ്

**ശ്രീ**

രാവിലെ 10.00 – കുഴിമന്തി, എ ജേർണി ടു ദ് ഫ്യൂമിഗേറ്റഡ് ടൗൺസ്, 12.15 – ദ് പെർവെർട്ട്സ് ഗൈഡ് ടു സിനേമ, 3.15 – കരോളിൻ, ബ്ലൂ ക്രിസ്മസ്, വാറ്റു വോട്ട്: ഓൾ ഓഫ് അസ്, സ്കൾപറ്റിങ് ഇൻ ടൈം – നാഗുയ് ശേഖർ

**നിള**

രാവിലെ 9.45 – ഫ്രാഗ്മെന്റ്സ്, ജോർജ് ജോൺ – സ്പിരിറ്റ് ഓഫ് എയ്റ്റീസ്, ഫോർ നോന്ന അന്ന, ദ് ബീറ്റിൽ അറ്റ് ദ് എൻഡ് ഓഫ് ദ് സ്ട്രീറ്റ്, ബിലൗവ്ഡ് 11.45 – റിബ്ബൺസ് ഫോർ പീസ്, വി ആർ നോട്ട് യുവർ മങ്കീസ്, യു കാൻ ഡിസ്ട്രോയ് ദ് ബോഡി, പ്രിസണേഴ്സ് ഓഫ് കൺസയൻസ് 3.30 – മീനാലാപ്

## ഇന്നത്തെ പരിപാടികൾ

**നിള**

ഉച്ചയ്ക്ക് 2.00 – ഇൻ കോൺവെർസേഷൻ – റെയ്ദ് അന്റോണി.

സമാപന ചടങ്ങും പുരസ്കാരം ലഭിച്ച ചിത്രങ്ങളുടെ പ്രദർശനവും

## ലങ്കൻ ആഭ്യന്തര യുദ്ധചരിത്രം 'ഡീമൻസ് ഇൻ പാരഡെയ്സ്' ഇന്ന്

മൂന്ന് പതിറ്റാണ്ട് നീണ്ടുനിന്ന ശ്രീലങ്കൻ ആഭ്യന്തരയുദ്ധത്തിന്റെ ചരിത്രം അടയാളപ്പെടുത്തിയ ഡീമൻസ് ഇൻ പാരഡെയ്സ് ഇന്ന് (24/07/18) പ്രദർശിപ്പിക്കും. കൈരളി തിയേറ്ററിൽ ഉച്ച കഴിഞ്ഞു മൂന്ന് മണിക്കാണ് പ്രദർശനം.

1983 ൽ ശ്രീലങ്കയിൽ നടന്ന തമിഴ് വിരുദ്ധ കലാപകാലത്തു അഭയാർത്ഥിയായി നാടുവിടേണ്ടിവന്ന ജൂഡ് രത്നം ആണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. സ്വാതന്ത്ര്യത്തിനായുള്ള ഒരു ജനതയുടെ പോരാട്ടം തീവ്രവാദമായി മാറിയതെങ്ങനെയെന്ന് ചിത്രം ചർച്ച ചെയ്യുന്നു. 10 വർഷം കൊണ്ട് പൂർത്തിയാക്കിയ ഈ ചിത്രം കഴിഞ്ഞ  കാൻ മേളയിൽ പ്രദർശിപ്പിച്ചിരുന്നു.

## ജന്തർ മന്തറിലെ സമരകഥയുമായി 'വീ ദ പീപ്പിൾ' ഇന്ന്

ആദർശങ്ങളിലെ ഇന്ത്യയും ജനാധിപത്യ ഇന്ത്യയും തമ്മിലുള്ള വ്യത്യാസങ്ങൾ പ്രമേയമായ  വീ ദ പീപ്പിൾ ഇന്ന് (24/07/18) പ്രദർശനത്തിന്. ഇന്ത്യയുടെ സമരത്തെരുവായ ജന്തർ മന്ദറിൽ നടന്ന മൂന്ന് സമരങ്ങളിലൂടെയുള്ള യാത്രയാണ് ചിത്രത്തിന്റെ പ്രമേയം.

ഇന്ത്യൻ സാമൂഹ്യ-രാഷ്ട്രീയ യാഥാർഥ്യങ്ങൾ സ്വതന്ത്ര ഇന്ത്യയുടെ ആദർശങ്ങൾക്ക്  നിരക്കുന്നതല്ലെന്ന ഓർമപ്പെടുത്തലാണ് ഷോർട്ട് ഡോക്യുമെന്ററി വിഭാഗത്തിൽ പ്രദർശനത്തിനെത്തുന്ന ഈ മത്സരചിത്രം. രാവിലെ 11.30 ന് കൈരളി തീയേറ്ററിൽ ആണ് പ്രദർശനം.